ACHARYA

An influential mentor

# Monthly Current Affairs Malayalam

## February 2022

# കേന്ദ്രബജറ്റ് 2022-23

കോവിഡ് കാല പ്രതിസന്ധിയിൽ നിന്ന് രാജ്യത്തിന്റെ നൂറാം വയസ്സിലെ 'അമൃതകാല'ത്തിലേക്കുള്ള ചുവടുവെയ്പ്പുമായി 2022-23 കേന്ദ്രബജറ്റ് .സ്വാതന്ത്ര്യത്തിൻറെ എഴുപത്തിയഞ്ചാം വാർഷികം അമൃത മഹോത്സവമായാണ് ആഘോഷിക്കുന്നത്. 100 വർഷം തികയുന്നതു വരെയുള്ള 25 വർഷം മുൻപിൽ കണ്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് ബജറ്റ് മുൻതൂക്കം കൊടുക്കുന്നത്.

## ഒറ്റനോട്ടത്തിൽ

- 2022 -23 സാമ്പത്തികവർഷം 9.2 % വളർച്ചയും, അഞ്ചുകൊല്ലത്തിൽ 30 ലക്ഷം കോടി രൂപയുടെ അധിക ഉത്പാദനവും ബജറ്റ് ലക്ഷ്യമിടുന്നു.
- ആദായനികുതി സ്ളാബിൽ മാറ്റമില്ല.
- പുതിയ നികുതികളോ സെസോ ഇല്ല.
- നാഷണൽ ഇൻഫ്രാസ്ട്രക്ച്ചർ പൈപ്പ് ലൈൻ പദ്ധതിയിലെ റോഡ് , റെയിൽവേ , വിമാനത്താവളം,ബഹുജന യാത്രാസംവിധാനം ,ജലപാത, ലോജിസ്റ്റിക്സ് ഇൻഫ്രാസ്റ്റ്സർ എന്നിവ പി.എം. ഗതിശക്തിയിൽ ലയിപ്പിക്കും.
- ഡിജിറ്റൽ രൂപ പുറത്തിറക്കും.
- ക്രിപ്റ്റോകറൻസി നിയമവിധേയമാക്കി.30 % നികുതി.
- 100 പി.എം .ഗതിശക്തി കാർഗോ ടെർമിനലുകൾ .
- 25,000 km ദേശീയപാത .
- കാർഷികമേഖലയിൽ ഡ്രോണുകൾ .
- ഓരോ ക്ലാസ്സിനും ഓരോ ടി.വി ചാനൽ .
- 3.8 കോടി വീടുകളിൽ പൈപ്പ് ജലം എത്തിക്കാൻ 60,000 കോടി .
- പ്രധാനമന്ത്രി ആവാസ് യോജന (PMAY)പ്രകാരം 80 ലക്ഷം വീടുകൾ .
- ഒരു വർഷത്തിനകം മുഴുവൻ പോസ്റ്റാഫീസുകളും കോർബാങ്കിങ് സംവിധാനത്തിലേക്ക്.
- താങ്ങുവിലയ്ക്കായി 2.73 ലക്ഷം കോടി .
- 75 ജില്ലകളിൽ ഡിജിറ്റൽ ബാങ്കുകൾ .
- ഇ -പാസ്പോർട്ട് .
- 23 ടെലി മാനസികാരോഗ്യ കേന്ദ്രങ്ങൾ.
- ഭക്ഷ്യ - വളം സബ്സിഡി കുറച്ചു.

ACHARYA An influential mentor

## ഒരു രാജ്യം, ഒറ്റ റെജിസ്ട്രേഷൻ

രാജ്യത്ത് ഭൂമി കൈമാറ്റത്തിനായി ഒരു രാജ്യം, ഒറ്റ റെജിസ്ട്രേഷൻ പദ്ധതി നടപ്പാക്കും. ഇതിൻറെ ഭാഗമായി നാഷണൽ ജനറിക് ഡോക്യൂമെൻറ് രേജിസ്ട്രറേഷൻ സംവിധാനം (NGDRS) തയ്യാറാക്കും. ഇതിനെ ഒരു രാജ്യം ഒറ്റ രെജിസ്ട്രേഷൻ സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ചു രാജ്യവ്യാപകമായി ഏകീകൃത ഭൂ രെജിസ്ട്രേഷൻ രീതി നടപ്പാക്കുന്നതിന് നടപടിയെടുക്കും. ഇത് പ്രവർത്തികമാകുന്നതോടെ രാജ്യത്തു എവിടെനിന്നുവേണമെങ്കിലും ഭൂമി രെജിസ്ട്രേഷൻ നടത്താനാകും. രെജിസ്ട്രേഷൻ നടപടികൾ രാജ്യവ്യാപകമായി ഏകീകരിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നുണ്ട്.

സംസ്ഥാനങ്ങൾ ഭൂമിക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ നൽകാനുള്ള സംവിധാനം കൊണ്ടുവരണം.ഭൂരേഖകൾ ഓൺലൈൻ അയി കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണിത്.എട്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ഭാഷകളിൽ ഭൂരേഖകൾ പരിഭാഷപ്പെടുത്താനുള്ള സൗകര്യം കൊണ്ടുവരാനും പദ്ധതിയിടുന്നു.

രാജ്യത്തു വ്യവസായസൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനൊപ്പം ജീവിതക്രമം എളുപ്പമാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.

ACHARYA
An influential mentor

## ഓഹരിവിൽക്കൽ, ലക്ഷ്യം 65000 കോടി .

- LIC യുടേ ഇനിഷ്യൽ പബ്ലിക് ഓഫറിങ് (I .P .O ) ഉടൻ.
- 2022-23സാമ്പത്തികവർഷം പൊതുമേഖലാ ആസ്തികൾ വിൽക്കുന്നതുവഴി സർക്കാർ പ്രതീക്ഷിക്കുന്നത് 65000 കോടി രൂപയാണ്.
- സർക്കാർ ഉദ്ദേശിക്കുന്ന വരുമാന ലക്ഷ്യം നേടാനാകാത്തതുകൊണ്ടു അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ഈ തുക 65 ,000 കോടിയായി നിജ പ്പെടുത്തിയിരിക്കുന്നു. 2020 -21 സാമ്പത്തിക വർഷം 2.10 ലക്ഷം കോടി രൂപ ലക്ഷ്യമിട്ടിരുന്നെങ്കിലും കിട്ടിയത് 37,896.96 കോടി രൂപ മാത്രമായിരുന്നു.
- നടത്തു സാമ്പത്തിക വർഷം പൊതുമേഖലാ ആസ്തിവില്പനയിലൂടെയുള്ള വരുമാന ലക്ഷ്യം ബജറ്റിൽ പറഞ്ഞിരുന്ന 1,75,000 കോടി രൂപയിൽ നിന്ന് 78,000 കോടി രൂപയായി കുറച്ചിട്ടുണ്ട്.
- ഈ സാമ്പത്തികവർഷം ഇതുവരെ പൊതുമേഖലാ ഓഹരി വിറ്റഴിക്കലിലൂടെ സർക്കാരിന് ലഭിച്ചത് 12,029 .9 കോടി രൂപ മാത്രമാണ്.

## പ്രതിരോധമേഖലയിലെ സ്വയംപര്യാപ്തതയും ലക്ഷ്യം.

പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട ഇറക്കുമതി കുറയ്ക്കാനും ആഭ്യന്തര ഉത്പാദന മേഖലയെ പ്രോത്സാഹിപ്പിക്കാനും ബജറ്റ് ലക്ഷ്യം വെയ്ക്കുന്നു. പ്രതിരോധ മേഖലയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 5.2 5 ലക്ഷം കോടി രൂപയാണ്. ഇത് നടപ്പു സാമ്പത്തിക വർഷത്തെ റിവൈസ്ഡ് എസ്റ്റിമേറ്റിനെക്കാൾ 4.43 % അധികമാണ്.

പ്രതിരോധ മേഖലയ്ക്കായി മൊത്തം വകയിരുത്തിയ തുകയിൽ 1.52 ലക്ഷം കോടി രൂപ മൂലധന ചെ ലവുകൾക്കായുള്ളതാണ്. അതിൻറെ 68% തുക ആഭ്യന്തര വിപണിയിൽ നിന്നും പ്രതിരോധ ഉത്പന്നങ്ങൾ വാങ്ങിക്കാനായി നീക്കിവെച്ചിരിക്കുന്നു. പ്രധിരോധ മേഖലയിലെ ഗവേഷണ രംഗം സ്റ്റാർട്ടപ്പുകൾക്കും വ്യവസായങ്ങൾക്കും തുറന്നുകൊടുക്കും.

## അഫ്ഘാനിസ്ഥാനിലെ പദ്ധതികൾക്കും ബജറ്റിൽ തുക വകയിരുത്തി .

അഫ്ഘാനിസ്ഥാന്റെ ഭരണം താലിബാൻ ഏറ്റെടുത്തതിനു ശേഷം ഇന്ത്യക്കു അവിടെ നയതന്ത്ര സാന്നിധ്യമില്ല. എങ്കിലും അഫ്ഘാനിസ്ഥാനിലെ വിവിധ പദ്ധതികൾക്കായി 200 കോടി രൂപ ബജറ്റിൽ വകയിരുത്തി.

ACHARYA
An influential mentor

ആഭ്യന്തര കലാപങ്ങളിൽ വലയുന്ന മ്യാന്മാറിന് 600 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.എല്ലാ വർഷത്തെയുംപോലെ ഏറ്റവും കൂടുതൽ തുക നീക്കിവെച്ചിരിക്കുന്നതു ഭൂട്ടാനുതന്നെയാണ്. 2266.24 കോടി രൂപ . അതുപോലെ മൗറീഷ്യസിന് 900 കോടി രൂപയും നേപ്പാളിന് 750 കോടി രൂപയും, ബംഗ്ലാദേശിന് 300 കോടി രൂപയും ബജറ്റിൽ നീക്കിവെച്ചു.

## ആരോഗ്യമേഖലയ്ക്കുള്ള നീക്കിവെയ്പ്പിൽ 16 % വർദ്ധനവ്.

ബജറ്റ് രേഖകൾ ചൂണ്ടിക്കാണിക്കുന്നത് പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ആരോഗ്യമേഖലയ്ക്കായി സർക്കാർ ചെലവിട്ടത് 82920 കോടിയാണ്. ഇത് ആ സാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റിനെക്കാൾ 11,000 കോടി രൂപ അധികമായിരുന്നു. ഇപ്പോഴത്തെ ബജറ്റ് 83000 കോടി രൂപയാണ്

ആരോഗ്യമേഖലയ്ക്കായി നീക്കിവെച്ചിരിക്കുന്നതു. ഇത് നടപ്പുസാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റിനെക്കാൾ 16 % കൂടുതലാണ്.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കായി 2021 -22 ലെ ബജറ്റ് 2663 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.എന്നാൽ ചെലവിട്ടത് 3080 കോടി രൂപയാണ്.ഇപ്പോഴത്തെ ബജറ്റ് 3200 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തിയിട്ടുണ്ട് .

## നഗരങ്ങൾ സാമ്പത്തിക വളർച്ചയുടെ കേന്ദ്രങ്ങൾ ആകണം.

2047 ആകുമ്പോഴേക്കും രാജ്യത്തെ പകുതിയലധികം ആളുകൾ ജീവിക്കുന്നത് നഗരങ്ങളിൽ ആയിരിക്കും. ഇത് നഗര വികസനം എന്നത് പ്രാധാന്യമർഹിക്കുന്ന ഒന്നാക്കി മാറ്റുന്നു. ഈ സാഹചര്യത്തിൽ രാജ്യത്തെ മെഗാസിറ്റികളും അതിനോട് ചേർന്നുള്ള പ്രദേശങ്ങളും സാമ്പത്തിക വളർച്ചയുടെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്.

നഗരവികസനവുമായി ബന്ധപ്പെട്ട നയരൂപീകരണത്തിനും ആസൂത്രണത്തിനും എല്ലാമായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു ഉന്നത തല സമിതി രൂപീകരിക്കാൻ ബജറ്റ് നിർദ്ദേശിക്കുന്നു. കൂടാതെ നാഗരാസൂത്രണത്തിലും മറ്റും തദ്ദേശീയമായ അറിവുകൾ വളർത്തിയെടുക്കുന്നതിനും ഒപ്പം ഈ മേഖലയിൽ നിലവാരമുള്ള പരിശീലനം ലഭ്യമാക്കുന്നതിനും രാജ്യത്തെ അഞ്ചു സ്ഥാപനങ്ങളെ 'സെന്റർ ഓഫ് എക്സലൻസ്' പദവിയിലേക്കുയർത്തും.ഈ അഞ്ചു സ്ഥാപനങ്ങൾക്കും 250 കോടി രൂപ വീതം ലഭ്യമാകും.

ഭാവന-നഗരകാര്യ മന്ത്രാലയത്തിനായി 76549.46 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത് .നടപ്പു സാമ്പത്തിക വര്ഷത്തിലിതു 54581 കോടി രൂപയായിരുന്നു. പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിക്കായി വകയിരുത്തിയ തുക നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന തുകയേക്കാൾ 8000 കോടി രൂപ അധികമാണ്.

## ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് വകയിരുത്തിയതിൽ 25 % കുറവ്

ACHARYA
An influential mentor

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത് 73000 കോടി രൂപയാണ്. ഇത് നടപ്പ് സാമ്പത്തിക വർഷത്തെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയേക്കാൾ 25 ശതമാനം കുറവാണ്.

കോവിഡിനെ തുടർന്നുണ്ടായ അടച്ചിടൽ ആരംഭിച്ച 2020-21 സാമ്പത്തിക വർഷത്തിൽ 1.11 ലക്ഷം കോടി രൂപ തൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയിരുന്നു. ഇത് ഈ പദ്ധതിക്കായി വകയിരുത്തുന്ന ഏറ്റവും ഉയർന്ന തുക ആയിരുന്നു. പിന്നീട് 2021-22 സാമ്പത്തിക വർഷത്തിൽ 73000 കോടി രൂപയാണ് വകയിരുത്തിയത്. പക്ഷെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ അത് 98000 കോടി രൂപയായി ഉയർത്തേണ്ടി വന്നു.

# GS 1

## മെഗാ പദ്ധതികളും സുസ്ഥിര വികസനവും - ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

രാജ്യത്തെ പ്രധാന മെഗാ പദ്ധതികൾ സർക്കാരിന്റെ സുസ്ഥിര വികസന റോഡ്മാപ്പുമായി ചേർന്നുപോകാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഫലപ്രദമായ കംപ്ലെൻസ് സംവിധാനത്തിന്റെ അഭാവമാണ് ഇവിടെ പ്രതിഫലിക്കുന്നത്.

### കാരണങ്ങൾ

മനുഷ്യവിഭവശേഷിയുടെ കുറവ് : പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ കുറവ് പ്രധാന കാരണമാണ്. ഫീൽഡ് വെരിഫിക്കേഷൻ നടത്താനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ പരിശീലനം ലഭിച്ച എൺപതോളം ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. ഓരോ വർഷവും ഇവർ സന്ദർശിക്കേണ്ടത് ആയിരക്കണക്കിന് പദ്ധതിപ്രദേശങ്ങളാണ്. അതേസമയം 2014 നും 2019 നും ഇടക്ക് 11500 പ്രൊജെക്ടുകൾക്കാണ് പാരിസ്ഥിതികാനുമതി നൽകിയത്.

സാമ്പത്തിക പ്രശ്നം: രാജ്യത്തെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പല സ്ഥാപനങ്ങളും സാമ്പത്തിക ബുദ്ധിമുട്ടു നേരിടുന്നുണ്ട്.

രാഷ്ട്രീയ-ഇച്ഛാശക്തി ഇല്ലായ്മ: പരിശോധനാ സംവീധാനങ്ങൾ ശക്തമാക്കുകയും നിയമ ലംഘകർക്ക് ശക്തമായ ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നതിന് പകരം സർക്കാർ പോസ്റ്റ്-ഫക്ടോ ക്ലിയറൻസ്, സെല്ഫ്-സെർറ്റിഫിക്കേഷൻ തുടങ്ങിയ നടപടികളാണ് നിയമലംഘനം തടയാനായി മുന്നോട്ടു വെക്കുന്നത്.

വന-പാരിസ്ഥിതികാനുമതിക്കായുള്ള അപേക്ഷകൾ കേവലം ഒരു ശതമാനത്തിൽ താഴെ മാത്രമാണ് തള്ളപ്പെടുന്നത്. ഈ സാഹചര്യത്തിലും വേഗത്തിൽ പാരിസ്ഥിതികാനുമതി നൽകപ്പെടുന്ന സംസ്ഥാനങ്ങൾക്ക് ഇൻസെന്റീവ് നൽകുകയാണ് കേന്ദ്ര സർക്കാർ. ഇത്തരം തീരുമാനങ്ങൾ പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങൾ ലംഘിക്കപ്പെടാൻ സാധ്യത വർദ്ധിപ്പിക്കുകയാണ്.

## സുരക്ഷിതമായ തൊഴിലിടങ്ങൾ ഉറപ്പു വരുത്തണം.

രാജ്യത്ത് വ്യവസായ സ്ഥാപനങ്ങളിൽ അപകടങ്ങൾ പതിവാണെങ്കിലും വളരെ കുറച്ചു മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. തൊഴിലാളികളുടെ സുരക്ഷയ്ക്കും ആരോഗ്യത്തിനും ആവശ്യമായ പ്രാധാന്യം നിയമനിർമ്മാതാക്കളുടെ ഭാഗത്തു നിന്നോ തൊഴിലാളി സംഘടനകളുടെ ഭാഗത്തു നിന്നോ ഇതുവരെ ഉണ്ടായിട്ടില്ല.

തൊഴിലിടങ്ങൾ സുരക്ഷിതമാക്കാനായി രണ്ടു പ്രാഥമിക കാര്യങ്ങൾ ആവശ്യമാണ്.

- ശക്തമായ പരിശോധനാസംവിധാനം.
- സമഗ്രമായ ഡാറ്റാബേസ്
  .

### **പോരായ്മകൾ .**

വ്യവസായ സ്ഥാപനങ്ങളിലെ അപകടങ്ങളുമായി ബന്ധപ്പെട്ട കണക്കുകൾ ലഭ്യമാകുന്നത് തൊഴിൽ ബ്യൂറോ ആണ്. എന്നാൽ ഏതാനും ചില മേഖലകളുമായി ബന്ധപ്പെട്ട കണക്കുകൾ മാത്രമാണ് ബ്യുറോ പ്രസിദ്ധീകരിക്കുന്നത്. ഉദാഹരണത്തിന് റെയിൽവേ, ഖനനം തുടങ്ങിയവ.

സംസ്ഥാനങ്ങളാണ് തൊഴിൽ ബ്യുറോയ്ക്ക് ആവശ്യമായ വിവരങ്ങൾ നൽകേണ്ടത്. എന്നാൽ ഈ കാര്യത്തിൽ പലപ്പോഴും പല സംസ്ഥാങ്ങളും വീഴ്ച വരുത്തുകയാണ്.

ACHARYA An influential mentor

സംസ്ഥാങ്ങൾ നൽകുന്ന വിവരങ്ങളിൽ തന്നെ പലപ്പോഴും പല അപകടങ്ങളും ഉൾപെടാറില്ല.

ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ശക്തമായ പരിശോധനയുടെ അഭാവം മറ്റൊരു പ്രധാന പ്രശ്നമായാണ്. 2019 ലെ കണക്കു പ്രകാരം 487 രജിസ്റ്റേർഡ് ഫാക്ടറികളാണ് ഒരു ഉദ്യോഗസ്ഥന് പരിശോധിക്കേണ്ടതായുള്ളതു. ഇത് ഉദ്യോഗസ്ഥർക്ക് അമിതഭാരം ഉണ്ടാക്കുന്ന സാഹചര്യമാണ്.

# GS 2

## ക്രിമിനൽ നിയമങ്ങൾ ഭേദഗതി ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് കേന്ദ്ര സർക്കാർ.

- രാജ്യത്തെ ക്രിമിനൽ നിയമങ്ങൾ സമഗ്രമായി ഭേദഗതി വരുത്താനാവശ്യമായ നടപടികൾ പുരോഗമിക്കുകയാണെന്ന് വനിതാ-ശിശു വികസന മന്ത്രി അറിയിച്ചു.
- മരിറ്റൽ റേപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാരിന്റെ നിലപാട് ഉടനെ അറിയിക്കും.
- 2015 -16 ലെ നാഷണൽ ഫാമിലി ഹെൽത്ത് സർവേ പ്രകാരം രാജ്യത്തെ വിവാഹിതരായ സ്ത്രീകളിൽ 7 ശതമാനം പേർ ഭർത്താവിന്റെ ഭാഗത്തുനിന്ന് ലൈംഗികമായ പീഡനങ്ങൾ നേരിടുന്നുണ്ട്.

## ബെയ്ജിങ് ഒളിമ്പിക്സ് - ഇന്ത്യയുടെ നയതന്ത്ര ബഹിഷ്കരണം

ബെയ്ജിങ് ഒളിമ്പിക്സുമായി ബന്ധപ്പെട്ട ഇന്ത്യ നയതന്ത്ര-ബഹിഷ്ക്കരണം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതോടെ ഈ ഒളിമ്പിക്സ് നയതന്ത്ര-ബഹിഷ്ക്കരണം നടത്തുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും ഉൾപ്പെടുന്ന സാഹചര്യമുണ്ടായി. അമേരിക്ക,യുണൈറ്റഡ് കിങ്ഡം, ന്യൂ സിലൻഡ്, ജപ്പാൻ, കാനഡ തുടങ്ങിയ രാജ്യങ്ങളും ഈ ഒളിമ്പിക്സ് ബഹിഷ്കരണം പ്രഖ്യാപിച്ച രാജ്യങ്ങളാണ്.

ഗാൽവാൻ താഴ്‌വരയിൽ ഇന്ത്യൻ സൈനികർക്ക് നേരെ ആക്രമണം നടത്തിയ സൈനികരിൽ ഒരാളെ ഒളിമ്പിക്സിന്റെ ദീപശിഖയേന്താൻ ഏൽപ്പിച്ചതിൽ പ്രതിഷേധിച്ചാണ് ഇന്ത്യ ബഹിഷ്ക്കരണം നടത്തുന്നത്. എന്നാൽ ഉയ്ഗുർ മുസ്ലിം

വിഭാഗങ്ങൾക്ക് നേരെയുള്ള അക്രമങ്ങളിൽ പ്രതിഷേധിച്ചാണ് അമേരിക്ക ബഹിഷ്കരിക്കുന്നത്. കോവിഡ് ഭീഷണി കാരണം മറ്റു രാജ്യങ്ങളും ബഹിഷ്കരണം നടത്തുന്നു.

## എന്താണ് നയതന്ത്ര-ബഹിഷ്കരണം?

സർക്കാരിന്റെ ഔദ്യാഗിക പ്രതിനിധികൾ ആരും പങ്കെടുക്കാതിരിക്കുന്നതിനെയാണ് നയതന്ത്ര-ബഹിഷ്കരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു രാജ്യത്ത് ഒളിമ്പിക്സ് നടക്കുമ്പോൾ മറ്റു രാജ്യങ്ങളിലെ സർക്കാരുകളുടെ ഔദ്യോഗിക പ്രതിനിധികൾ ആ രാജ്യത്ത് എത്താറുണ്ട്. ടോക്കിയോ ഒളിമ്പിക്സിൽ അമേരിക്കയിൽ നിന്നും അമേരിക്കയുടെ പ്രഥമ വനിത പങ്കെടുത്തിരുന്നു.

## നയതന്ത്ര ബഹിഷ്കരണം കായികതാരങ്ങളുടെ പങ്കാളിത്തത്തെ ബാധിക്കുമോ?

നയതന്ത്ര ബഹിഷ്കരണം കായികതാരങ്ങളുടെ പങ്കാളിത്തത്തെ ബാധിക്കില്ല. ഒളിമ്പിക്സ് ഇന്ന് കോടികൾ ചെലവിടുന്ന ഒന്നാണ്. മുഴുവനായുള്ള ബഹിഷ്കരണം നിരവധി കായികതാരങ്ങളെയും സംഘടകരെയും ഏറെ ദോഷകരമായി ബാധിക്കും. അതുകൊണ്ടുതന്നെ നയതന്ത്ര-ബഹിഷ്കരണം എന്നത് ഒളിമ്പിക്സിനെ ബാധിക്കാതെയുള്ള പ്രതിഷേധമായി കാണാം.

ACHARYA
An influential mentor

# ഇന്ത്യയുടെ പുതിയ മധ്യേഷ്യൻ നയങ്ങൾ

ഇന്ത്യ-മദ്ധ്യേഷ്യ ഉച്ചകോടി, ന്യൂ ഡൽഹിയിൽ വെച്ച് നടന്ന റീജിണൽ സെക്യൂരിറ്റി ഡയലോഗ് തുടങ്ങിയവ ചൂണ്ടിക്കാണിക്കുന്നത് മദ്ധ്യേഷ്യൻ മേഖലയിൽ കൂടുതൽ ഇടപെടാനുള്ള ഇന്ത്യയുടെ വർദ്ധിച്ച താല്പര്യത്തെയാണ്. പ്രധാനമായും ഭൂമിശാസ്ത്രപരമായുള്ള ബുദ്ധിമുട്ടുകൾ കാരണം ഈ മേഖലയുമായി ഇന്ത്യക്ക് സാമ്പത്തികപരമായും മറ്റു തരത്തിലും വലിയ സ്വാധീനം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. എങ്കിലും ഈ മേഖല വര്ഷങ്ങളായി പ്രത്യേകിച്ച് ഈ അടുത്തകാലത്തായി ഇന്ത്യയെ സംബന്ധിച്ചിടത്തോളം തന്ത്രപരമായി ഏറെ പ്രാധാന്യമർഹിക്കുന്ന മേഖലയായി മാറിയിരിക്കുകയാണ്.

അഫ്ഗാനിസ്ഥാനിൽ നിന്നും അമേരിക്ക സൈന്യത്തെ പിൻവലിച്ചതോടെ മേഖലയിൽ അമേരിക്കയുടെ സാന്നിധ്യം കുറയുകയും അത് അവിടെ റഷ്യയുടെയും ചൈനയുടെയും സ്വാധീനം വർദ്ധിക്കാൻ കാരണമാകുകയും ചെയ്യുന്നതാണ് മേഖലയുമായി കൂടുതൽ ഇടപെടാനുള്ള ഇന്ത്യയുടെ

ഇപ്പോഴത്തെ വർദ്ധിച്ച താൽപര്യത്തിന് ഒരു പ്രധാന കാരണം. പക്ഷെ റഷ്യയുടെ മേഖലയിലെ ഇടപെടൽ ഇന്ത്യക്ക് ഗുണം ചെയ്യുന്ന സാഹചര്യം ഉണ്ടായേക്കാം. അതായത് മേഖലയിൽ തങ്ങൾക്ക് ആവശ്യമുള്ള പങ്കാളിയായി റഷ്യ ഇന്ത്യയെ കണ്ടേക്കാം. അങ്ങനെ വരുമ്പോൾ ഇന്ത്യയെ സംബന്ധിച്ചിടത്തോളം മേഖലയിൽ സ്വാധീനം വർദ്ധിപ്പിക്കാം എന്ന് മാത്രമല്ല ചൈനയുടെ വർധിച്ചുവരുന്ന സ്വാധീനത്തെ തടയാനും സാഹചര്യം ഒരുങ്ങും.

അമേരിക്കയെ സംബന്ധിച്ചിടത്തോളം ഇന്ത്യ-റഷ്യ ബന്ധം വളരുന്നത് താല്പര്യമുള്ള ഒന്നല്ലെങ്കിലും മേഖലയിൽ ചൈനയുടെ വർധിച്ചു വരുന്ന സ്വാധീനം തടയാൻ ഇന്ത്യ-റഷ്യ ബന്ധത്തിന്റെ ആവശ്യകത അമേരിക്ക തിരിച്ചറിയുന്നുണ്ട്.

ചൈനയെ സംബന്ധിച്ചിടത്തോളം മേഖലയിൽ ഇന്ത്യയുടെ ഇടപെടൽ വർദ്ധിക്കുന്നതോ ഇന്ത്യ-റഷ്യ ബന്ധം വളരുന്നതു നിലവിൽ പ്രശ്നമുണ്ടാക്കുന്ന ഒന്നല്ല. എങ്കിലും ഭാവിയിൽ അത് അവർക്ക് ഒരു പ്രശ്നമായി മാറിയേക്കാം.

അഫ്ഗാനിസ്ഥാനിൽ നിന്നും അമേരിക്കൻ സൈന്യം പിൻവാങ്ങിയതിന് ശേഷം സാധാരണയായി അതിർത്തിയിൽ ഇന്ത്യ നേരിടുന്ന ഭീഷണിയെക്കാൾ കൂടുതൽ ഭീഷണി നേരിടുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. മധേഷ്യൻ മേഖലയിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന ഇടപെടൽ അമേരിക്ക പിൻവാങ്ങിയതിന് ശേഷമുള്ള അഫ്ഗാനിസ്ഥാൻ-നയത്തെ സഹായിക്കും.

അഫ്ഗാനിസ്ഥാനിൽ താലിബാൻ ഭരണത്തിൽ നിന്നും പുറത്താക്കപ്പെടുകയും അമേരിക്കൻ സൈന്യത്തിന്റെ സാന്നിധ്യം ഉണ്ടാകുകയും ചെയ്തിരുന്ന കാലത്ത് അഫ്ഗാനിസ്ഥാനുമായി ഇടപഴകാൻ ഇന്ത്യക്ക് വലിയ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. എന്നാൽ താലിബാൻ ഭരണത്തിൽ എത്തിയതോടെ ഇന്ത്യക്ക് അഫ്ഗാനിസ്ഥാനുമായി ഇടപെടാൻ പുതിയ വഴികൾ തേടേണ്ടതായുണ്ട്. ഈ സാഹചര്യത്തിലാണ് റഷ്യയുമായും മധേഷ്യൻ രാജ്യങ്ങളുമായുള്ള ബന്ധത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നത്.

റഷ്യയുമായുള്ള ബന്ധം വളർത്തുന്നത് മധ്യേഷ്യൻ മേഖലകയിലെ ഇന്ത്യയുടെ ലക്ഷ്യങ്ങൾക്ക് സഹായകരമാകും എന്ന് മാത്രമല്ല ചൈനയുമായുള്ള റഷ്യയുടെ വളർന്നുവരുന്ന ബന്ധത്തെ തടയാനും സഹായകരമാകും.

## വെല്ലുവിളികൾ

മധ്യേഷ്യയുമായി ബന്ധം വളർത്തുന്നതിന് പല വെല്ലുവിളികളും ഇന്ത്യൻ നേരിടുന്നുണ്ട്. അതിൽ ഏറ്റവും വലുത് മേഖലയിൽ നിലവിൽ ചൈനക്കുള്ള സ്വാധീനമാണ്. മേഖലയിലെ ഏറ്റവും വലിയ നിക്ഷേപകർ ആണ് ഇന്ന് ചൈന.

മറ്റൊരു ഭീഷണി ഇറാനുമായുള്ള ബന്ധം ആണ്. മധ്യേഷ്യൻ രാജ്യങ്ങളിലേക്ക് ഇന്ത്യക്ക് എത്തിപ്പെടാനുള്ള എളുപ്പവഴി എന്നത് ഇറാനിലെ ചബാഹർ തുറമുഖം വഴി ഉള്ളതാണ്. ഇറാൻ-ആണവകരാറുമായുള്ള വിഷയവുമായി ബന്ധപ്പെട്ട് ഇറാൻ നേരിടുന്ന അമേരിക്കൻ ഉപരോധം ചബാഹർ തുറമുഖത്തിന്റെ വികസനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്.

## 1958 ലെ അൻഷ്യന്റ് മോണുമെന്റ്സ് ആൻഡ് ആർക്കിയോളജിക്കൽ സൈറ്റ് ആൻഡ് റിമൈൻസ് നിയമത്തിൽ ഭേദഗതി

ചരിത്രസ്ഥാപനങ്ങളുടെ 100 മീറ്റർ ചുറ്റളവിൽ നിർമ്മാണപ്രവർത്തനങ്ങൾ നിരോധിക്കുന്ന നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് ഓരോ ചരിത്രസ്മാരകങ്ങൾക്കും അനുയോജ്യമായ രീതിയിൽ നിരോധനങ്ങൾ നടപ്പാക്കും. ഒരു വിദഗ്ദസമിതിയുടെ ഉപദേശപ്രകാരമായിരിക്കും നിരോധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുക.

1958 ലെ അൻഷ്യന്റ് മോണുമെന്റ്സ് ആൻഡ് ആർക്കിയോളജിക്കൽ സൈറ്റ് ആൻഡ് റിമൈൻസ് നിയമത്തിൽ 2010 ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം ഒരു ചരിത്ര സ്മാരകത്തിന്റെ 100 മീറ്റർ ചുറ്റളവിൽ നിർമ്മാണപ്രവർത്തനങ്ങൾ നിരോധിക്കപ്പെട്ടിരിക്കുന്നു. പിന്നീടുള്ള 300 മീറ്റർ ചുറ്റളവിൽ നിബന്ധനകളോടെ നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കാം.

2010 ൽ കൊണ്ടുവന്ന ഭേദഗതി ആർക്കിയോളജിക്കൽ സർവ്വേയുടെ ഏതെങ്കിലും വിവരങ്ങളുടെ അടിസ്ഥാനത്തിലല്ല എന്നാണ് ചില വിദഗ്ദർ പറയുന്നത് എന്നും അതുകൊണ്ടുതന്നെ നിയമത്തിൽ ഭേദഗതികൾ ആവശ്യമാണ് എന്നുമാണ് സർക്കാർ പറയുന്നത്.

## ഹരിയാന പ്രീവെൻഷൻ ഓഫ് അൺലോഫുൾ കൺവെർഷൻ ഓഫ് റിലീജിയൻ ബിൽ 2022

ഹരിയാന പ്രീവെൻഷൻ ഓഫ് അൺലോഫുൾ കൺവെർഷൻ ഓഫ് റിലീജിയൻ ബിൽ 2022 ന് ഹരിയാന ക്യാബിനറ്റ് അംഗീകാരം നൽകി.

ACHARYA
An influential mentor

## ബില്ലിലെ പ്രധാന പോയന്റുകൾ

- തെറ്റായി വ്യാഖ്യാനിച്ചും നിര്ബന്ധപൂർവ്വവും തെറ്റായ രീതിയിൽ സ്വാധീനിച്ചും വശീകരിച്ചും വിവാഹത്തിനാലും വിവാഹത്തിന് വേണ്ടിയും ഉള്ള മതപരിവർത്തനം കുറ്റകരമാണ്.
- 'ബർഡൻ ഓഫ് പ്രൂഫ്' കുറ്റാരോപിതനായിരിക്കും.
- മതപരിവർത്തനത്തിന് ഇരയായത് പ്രായപൂർത്തിയാകാത്തവരോ സ്ത്രീകളോ പട്ടികജാതി/വിഭാഗത്തിൽ പെട്ടവരോ ആണാണെങ്കിൽ കൂടുതൽ കടുത്ത ശിക്ഷ ബില്ലിൽ പറയുന്നു.
- വിവാഹത്തിനായുള്ള മതപരിവർത്തനം കുറ്റകരമാക്കുന്ന തരത്തിൽ മറ്റു പല സംസ്ഥാനങ്ങളും പാസ്സാക്കിയ മതപരിവർത്തന നിരോധന നിയമത്തിന്റെ ചുവടുപിടിച്ചാണ് ഈ ബില്ലും ഒരുങ്ങുന്നത്.

# സംസ്ഥാനസർക്കാരുകളും ഗവര്ണര്മാരും- 'ഇന്ത്യൻ എക്സ്പ്രസ്സ്' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

ACHARYA
An influential mentor

സംസ്ഥാനസർക്കാറുകളും ഗവർണ്ണർമാരും തമ്മിലുള്ള പ്രശ്നങ്ങൾ വർഷങ്ങളായി തുടരുന്ന ഒന്നാണ്. ഈയ്യിടെ പശ്ചിമ ബംഗാൾ ഗവർണറെ മുഖ്യമന്ത്രി ട്വിറ്ററിൽ ബ്ലോക്ക് ചെയ്യുകയുണ്ടായി. അദ്ദേഹം ഭരണഘടനാ വിരുദ്ധമായി പെരുമാറുന്നു എന്നും സർക്കാർ ജീവനക്കാരെ തന്റെ ജീവനക്കാരായി കണ്ടുകൊണ്ടാണ് പെരുമാറുന്നത് എന്നുമാണ് മുഖ്യമന്ത്രി ആരോപിക്കുന്നത്. അതുപോലെ തമിഴ്നാടിനെ എൻ.ഇ.ഇ.ടി പരീക്ഷയിൽ നിന്നും മാറ്റി നിർത്തുന്ന ബിൽ തമിഴ്നാട് ഗവർണ്ണർ തിരിച്ചയക്കുകയുണ്ടായി.

## ഗവർണറും സംസ്ഥാനവും തമ്മിലുള്ള ബന്ധം

ഓരോ സംസ്ഥാനത്തെയും ഗവർണ്ണർ പ്രവർത്തിക്കേണ്ടത് സംസ്ഥന സർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് എങ്കിലും ചില സ്വയംനിർണ്ണയാവകാശങ്ങളും ഗവർണ്ണർമാർക്കുണ്ട്. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ബില്ലിൽ ഒപ്പുവെക്കണോ അത് തിരിച്ചയക്കണോ എന്ന് തീരുമാനിക്കുന്നതിലും തെരഞ്ഞെടുപ്പിന് ശേഷം ആർക്കും ഭൂരിപക്ഷം ഇല്ലെങ്കിൽ ഏതു പാർട്ടിയെ ഭൂരിപക്ഷം തെളിയിക്കാൻ അഥവാ ഭരിക്കാൻ വിളിക്കണം എന്ന് തീരുമാനിക്കുന്നതിലും ഗവർണ്ണർക്കുള്ള സ്വയംനിർണ്ണയാവകാശം ഇതിന് ഉദാഹരണങ്ങൾ ആണ്.

സംസ്ഥാനസർക്കാരും ഗവർണറും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുമ്പോൾ എങ്ങനെ അത് പരിഹരിക്കണം എന്നതിൽ ഭരണഘടനാ കൃത്യമായി ഒന്നും പറയുന്നില്ല.

## എന്തുകൊണ്ട് പ്രശ്നങ്ങൾ ഉണ്ടാകുന്നു?

ഗവർണ്ണർ എന്ന പോസ്റ്റ് ഒരു അരാഷ്ട്രീയ പോസ്റ്റ് ആണെങ്കിലും പലപ്പോഴും രാഷ്ട്രീയമാണ് ഇവിടെ പ്രശ്നമാകുന്നത്. ഒരു സംസ്ഥാനത്തെ മുഖ്യമന്ത്രി ആ സംസ്ഥാനത്തെ ജനങ്ങളോട് ഉത്തരവാദിത്തപ്പെട്ടിരിക്കുമ്പോൾ ആ സംസ്ഥാനത്തിന്റെ ഗവർണ്ണർ കേന്ദ്ര സർക്കാരിനോട് മാത്രമാണ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം മാത്രം പ്രവർത്തിക്കാൻ സാധിക്കുന്ന പ്രസിഡന്റ ആണ് ഗവർണറെ നിയമിക്കുന്നതും പിരിച്ചുവിടുന്നതും.

മുഖ്യമന്ത്രിയെ നിയമിക്കുന്ന വിഷയത്തിലായാലും, നിയമസഭാ പിരിച്ചുവിടുന്നു വിഷയത്തിലായാലും ഗവർണ്ണർ എപ്രകാരം സ്വന്തം അധികാരം വിനിയോഗിക്കണം എന്നത് ഭരണഘടന പറയുന്നില്ല. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ബില്ലിൽ ഒപ്പുവെക്കാണോ മറ്റു നടപടികൾ സ്വീകരിക്കാണോ എന്ന് തീരുമാനിക്കാൻ ഗവർണ്ണർക്ക് ഒരു സമയപരിധിയും ഭരണഘടന പറയുന്നില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1968 ലെ ഭരണപരിഷ്കാര കമ്മീഷൻ മുതൽ സർക്കാരിയ കമ്മീഷൻ ഉൾപ്പെടെ നിരവധി കമ്മീഷനുകൾ പരിഹാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയും കേന്ദ്ര-ആഭ്യന്തരമന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടുന്ന ഒരു സമിതി ആയിരിക്കണം ഗവർണറെ തെരഞ്ഞെടുക്കേണ്ടത് എന്നതും കാലാവധി അഞ്ചു വർഷമാക്കി നിജപ്പെടുത്തണമെന്നതും ഇത്തരം നിർദ്ദേശങ്ങൾക്ക് ഉദാഹരണമാണ്.

# ഇന്ത്യയുടെ ഇൻഡോ-പസിഫിക് നയവും അമേരിക്കയും.

ഓസ്ട്രേലിയയുമായുള്ള വ്യാപാര കരാറും ഫിലിപ്പൈൻസിനു ബ്രഹ്മോസ് സൂപ്പർസോണിക് മിസൈൽ നൽകിയതും ഇൻഡോ-പസിഫിക് മേഖലയിലുള്ള ഇന്ത്യയുടെ ഇടപെടലുകൾക്ക് പുതിയ മുഖം നൽകിയിരിക്കുകയാണ്. ഇൻഡോ-പസിഫിക് മേഖലയിൽ ഇന്ത്യയുടെ തന്ത്രങ്ങൾ നടപ്പാക്കുന്നത് രണ്ടു തരത്തിലാണ്. മേഖലയിലെ രാജ്യങ്ങളുമായിട്ടുള്ള ഇന്ത്യയുടെ ഇടപെടലുകൾ ശക്തമാകുകയും ഒപ്പം മേഖലയിലെ ഒരേ കാഴ്ചപ്പാടുള്ള രാജ്യങ്ങളുമായി ചേർന്ന് പ്രവർത്തിക്കുകയുമാണവ. ഒരു ആദർശത്തെ മുറുകെപ്പിടിച്ചു കൊണ്ട് വിദേശ

നയം സ്വീകരിച്ചുപോന്ന ഇന്ത്യയുടെ പഴയ സമീപനത്തിൽ നിന്നും തികച്ചും വ്യത്യസ്തമായി കൂടുതൽ യാഥാർഥ്യബോധത്തെ ഉൾക്കൊള്ളുന്നതാണ് പുതിയ സമീപനം.

## ഇന്ത്യയുടെ ഇൻഡോ-പസിഫിക് നയവും അമേരിക്കയും.

ഇൻഡോ-പസിഫിക് മേഖലയോടുള്ള ഇന്ത്യയുടെ പുതിയ സമീപനം മേഖലയിലെ അമേരിക്കയുടെ തന്ത്രവുമായി യോജിച്ചു പോകുന്നതാണ്. മേഖലയിലെ സുരക്ഷാ വിഷയത്തിലും മറ്റും സംഭാവന ചെയ്യാൻ സാധിക്കുകയും അതിൽ താല്പര്യമുള്ളതുമായ ഒരേ കാഴ്ചപ്പാടുള്ള രാജ്യങ്ങളുമായി ചേർന്നു പ്രവർത്തിക്കാനാണ് അമേരിക്ക ആഗ്രഹിക്കുന്നത്.

ഇൻഡോ-പസിഫിക് മേഖലയിലും ഏഷ്യയിലും ശക്തമായ സ്വാധീനം ചെലുത്താൻ ഇന്ത്യക്കു സാധിക്കുന്ന സാഹചര്യത്തിൽ മേഖലയിലെ അമേരിക്കയുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്നു അമേരിക്കൻ ഭരണകൂടം വിശ്വസിക്കുന്നു. ബൈഡൻ ഭരണകൂടത്തിന്റെ ,ഇൻഡോ-പസിഫിക് മേഖലയുമായി ബന്ധപ്പെട്ട പുതിയ സ്ട്രാറ്റജിക് ഡോക്യുമെന്റ് പ്രകാരം സുസ്ഥിരവും സുരക്ഷിതവുമായ ദക്ഷിനേഷ്യ എന്ന ആശയത്തെ പ്രോത്സാഹിപ്പിക്കാനായി മേഖലയിലെ പ്രാദേശിക കൂട്ടായ്മകളിലൂടെ ഇന്ത്യയുമായി സഹകരിച്ചു പ്രവർത്തിക്കാൻ അമേരിക്ക ആഗ്രഹിക്കുന്നു. ആരോഗ്യം, സ്പേസ് , സൈബർസ്പേസ് , സാങ്കേതികവും, സാമ്പത്തികവുമായ സഹകരണം എന്നിവയിലൂടെ സ്വതന്ത്രവും, തുറന്നതുമായ ഇൻഡോ-പസിഫിക് സാധ്യമാക്കുകയാണ് ലക്ഷ്യം. ഈ വിഷയത്തിൽ ഇന്ത്യ ഒരേ കാഴ്ചപ്പാടുള്ള പങ്കാളിയാണെന്ന് അമേരിക്ക അംഗീകരിക്കുന്നു.

## 'മ്യാൻമാർ പ്രക്ഷോഭവും ഇന്ത്യയും', 'ഇന്ത്യൻ എക്സ്പ്രസ്സ്' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

മ്യാന്മറിൽ പട്ടാളം ഭരണം ഏറ്റെടുത്തതിനു ശേഷം വലിയ രീതിയിലുള്ള പ്രക്ഷോഭം അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. പട്ടാളം ഇന്ന് മ്യാൻമറിൽ ബഹുമുഖമായ വെല്ലുവിളികളാണ് നേരിടുന്നത്. ജനാധിപത്യത്തിനായി പ്രക്ഷോഭം നയിക്കുന്ന 'പീപ്പിൾസ് ഡിഫൻസ് ഫോഴ്സ്'നൊപ്പം രാജ്യത്തിൻറെ വടക്ക്-പടിഞ്ഞാറൻ ഭാഗത്തെ ഗോത്രവിഭാഗത്തിൽപ്പെട്ട സായുധവിഭാഗവും ചേർന്നിരിക്കുകയാണ്. കണക്കുകൾ പ്രകാരം 2021 ൽ ഏകദേശം ഏഴായിരത്തിനടുത്ത് കലാപങ്ങളും അക്രമങ്ങളുമാണ് മ്യാന്മറിൽ ഉണ്ടായത്. കഴിഞ്ഞ മൂന്ന് മാസത്തിനിടെ മാത്രം 2388 കലാപങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു.

ACHARYA
An influential mentor

## പ്രശ്നത്തിൽ ഇന്ത്യയുടെ ആശങ്ക

ഇന്ത്യയുടെ വടക്ക്-കിഴക്കൻ രാജ്യങ്ങളുമായി അതിർത്തി പങ്കുവെക്കുന്ന മ്യാന്മാർ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഏറെ തന്ത്ര-പ്രാധാന്യമർഹിക്കുന്ന രാജ്യമാണ്. രാജ്യത്തിൻറെ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളുമായി ചേർന്ന് നിൽക്കുന്ന മ്യാൻമറിലെ പല മേഖലകളിലും വലിയതോതിൽ കലാപങ്ങൾ നടക്കുന്നുണ്ട്. മിസോറാമിനോടും മണിപ്പൂരിനോടും അതിർത്തി പങ്കുവെക്കുന്ന ചിൻ മേഖലയിൽ പട്ടാളത്തിന്റെ ഭാഗത്തുനിന്ന് ശക്തമായ അടിച്ചമർത്തൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ആയിരക്കണക്കിന് മ്യാന്മാർ പൗരമാർ രാജ്യം വിട്ട് ഇന്ത്യയിലേക്ക് പലായനം ചെയ്യാൻ നിർബന്ധിക്കപ്പെടുന്നു.

പട്ടാള-വിരുദ്ധ പ്രക്ഷോഭം അടിച്ചമർത്താനായി മണിപ്പൂരിലെ ചില സായുധ വിഭാഗത്തെ മ്യാൻമാർ പട്ടാളം ഉപയോഗിക്കുന്നു. പകരമായി അവർക്ക് സുരക്ഷത്താവളം സൈന്യം ഒരുക്കുകയാണ്. ഇത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഭീഷണിയായി മാറുകയാണ്.

ACHARYA
An influential mentor

## മ്യാൻമറിലെ വിഷയത്തിൽ ഇന്ത്യയുടെ നിലപാട്

തികച്ചും നയപരമായ സമീപനമാണ് ഈ വിഷയത്തിൽ ഇന്ത്യ എടുത്തുകൊണ്ടിരിക്കുന്നത്.മ്യാൻമാറിൽ ജനാധിപത്യം പുനഃസ്ഥാപിക്കണമെന്നും രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കണമെന്നും ആവശ്യപ്പെടുമ്പോഴും മ്യാൻമർ-പട്ടാളവുമായി ബന്ധം നിലനിർത്തുകയും ചെയ്യുന്നു.

പട്ടാള ഭരണത്തിനെതിരെ ഉപരോധം പ്രഖ്യാപിക്കണമെന്ന നിലപാടിനോട് ഇന്ത്യ യോജിക്കുന്നില്ല.

## പട്ടാളഭരണത്തെ പിന്തുണക്കുന്നതിൽ ഇന്ത്യക്കുള്ള പ്രശ്നം

ജനാധിപത്യത്തെ അടിച്ചമർത്തുന്ന പട്ടാളഭരണത്തെ പിന്തുണക്കുന്നത് രാജ്യം പിന്തുടർന്ന് വരുന്ന പരമ്പരാഗത നിലപാടുകൾക്ക് വിരുദ്ധമാകും.

ഇൻഡോ-പസഫിക്ക് മേഖലയിൽ ഇന്ത്യ-അമേരിക്ക സഹകരണം ശക്തമായി വരുന്ന സാഹചര്യത്തിൽ പട്ടാളഭരണത്തെ പിന്തുണക്കുന്നത് അമേരിക്കൻ നിലപാടുകൾക്ക് വിരുദ്ധമായ ഒന്നാകും.

## ഇന്ത്യ ചെയ്യേണ്ടത്

- മ്യാൻമാരിൽ സുസ്ഥിരമായ ഭരണം കാഴ്ചവെക്കാൻ പട്ടാളത്തിന് സാധിക്കില്ല എന്നത് ഇന്ത്യ തിരിച്ചറിയേണ്ടതുണ്ട്.
- നാഷണൽ യൂണിറ്റി ഗവൺമെന്റിന് മ്യാന്മറിൽ പിന്തുണ വർധിച്ചുവരുന്ന സാഹചര്യമാണ്. കൂടാതെ മ്യാന്മറിൽ സമാധാനപൂർണമായ ഭരണം സ്ഥാപിക്കാൻ പട്ടാളത്തിന് കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ നാഷണൽ യൂണിറ്റി ഗവണ്മെന്റിനെ പിന്തുണക്കാൻ ഇന്ത്യ തയ്യാറാകണം.

## ഇന്ത്യ -യു.എ.ഇ സ്വതന്ത്ര വ്യാപാര കരാറിന്റെ പ്രാധാന്യം - 'ദി ഹിന്ദു ' ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

ഇന്ത്യയിലെ വ്യവസായ സ്ഥാപനങ്ങളെ ആഗോള വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുകയും , കൂടുതൽ വിപണി ഇന്ത്യൻ ഉൽപ്പന്നങ്ങൾക്കു ലഭ്യമാക്കുകയും ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് സ്വതന്ത്ര വ്യാപാര കരാറുകളോടുള്ള ഇന്ത്യയുടെ പുതിയ സമീപനം.

ACHARYA
An influential mentor

പുതിയ സ്വതന്ത്ര വ്യാപര കരാർ നയം അനുസരിച്ചു ലോകത്തിലെ ആറ് രാജ്യങ്ങളെ അല്ലെങ്കിൽ മേഖലകളെ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ യുണൈറ്റഡ് കിങ്ഡം , യൂറോപ്യൻ യൂണിയൻ , ഓസ്‌ട്രേലിയ , കാനഡ , യു.എ.ഇ , ജിസിസി എന്നിവയാണ്. ഇവയിൽ യു .എ.ഇ മുൻപന്തിയിൽ നിൽക്കുന്ന രാജ്യമാണ്.

### എന്തുകൊണ്ട് യു.എ.ഇ ?

മധ്യേഷ്യയിലും പശ്ചിമേഷ്യയിലും മാത്രമല്ല ആഗോള തലത്തിൽ തന്നെ യു.എ. ഇ ഇന്ന് ഒരു പ്രധാന സാമ്പത്തിക മേഖലയായി മാറിയിട്ടുണ്ട്. ഈ അടുത്ത കാലത്തായി യു. എ. ഇ മുന്നോട്ടു വെച്ച 'വിഷൻ 2021 ' പ്രകാരം എണ്ണയെ ആശ്രയിച്ചുകൊണ്ടുള്ള പരമ്പരാഗത രീതിയിൽ നിന്നും മാറി സമ്പത് വ്യവസ്ഥയെ കൂടുതൽ വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലോകവ്യാപാര സംഘടനയുടെ റിപ്പോർട്ട് പ്രകാരം 2012 മുതൽ യു.എ.ഇ യുടെ വളർച്ചയെ നയിക്കുന്നത് കൂടുതലും നോൺ- ഹൈഡ്രോകാർബൺ മേഖലയാണ്.

ഇന്ത്യയും യു.എ.ഇ യും തമ്മിലുള്ള നയതന്ത്ര ബന്ധം ആരംഭിക്കുന്നത് 1972 'ലാണ്. പിന്നീട് 2015 ൽ ഇന്ത്യൻ പ്രധാന മന്ത്രിയുടെ യു.എ.ഇ സന്ദർശനവും, 2017 ലെ റിപ്പബ്ലിക്ക് ഡേ ആഘോഷത്തിൽ മുഖ്യാതിഥിയായി അബുദാബി രാജാവിനെ ക്ഷണിച്ചത് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാകാൻ സഹായിച്ചു. ഇത് 2021 ൽ ഇന്ത്യ- യു.എ.ഇ കോമ്പ്രെഹെൻസീവ്

ഇക്കണോമിക് പാർട്ണർഷിപ് കരാർ യാഥാർഥ്യമാകുന്നതിലേക്കു നയിക്കുകയും ചെയ്തു.

2021 -22 സാമ്പത്തിക വർഷത്തിൽ 52 .76 ബില്യൺ അമേരിക്കൻ ഡോളറിന്റെ സേവന- ഇതര വ്യാപാരമാണ് ഇന്ത്യയും യു.എ.ഇ 'യും തമ്മിൽ നടന്നത്. ഇത് യു.എ ഇ യെ ഇന്ത്യയുടെ ഏറ്റവും വലിയ മൂന്നാമത്തെ വ്യാപാര പങ്കാളിയാക്കി മാറ്റി. അഞ്ചുവർഷം കൊണ്ട് ഇരു രാജ്യങ്ങളും തമ്മിലുള്ള സേവന - ഇതര വ്യാപാര ബന്ധം 100 ബില്യൺ അമേരിക്കൻ ഡോളറായി ഉയർത്താനാണ് ലക്ഷ്യം വെയ്ക്കുന്നത്. കൂടാതെ 2030 ആകുമ്പോഴേക്കും യു.എ. ഇ ലേക്ക് ഒരു ട്രില്യൺ അമേരിക്കൻ ഡോളറിന്റെ വസ്തു കയറ്റുമതിയും, ഒരു ട്രില്യൺ അമേരിക്കൻ ഡോളറിന്റെ സേവന കയറ്റുമതിയും ഇന്ത്യ ലക്ഷ്യം വെക്കുന്നുണ്ട്. യു.എ.ഇ യുമായി സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെയ്ക്കാനായാൽ മേല്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ സഹായകരമാകും.

യു.എ.ഇ യുമായി സ്വതന്ത്ര വ്യാപാര കരാർ സാധ്യമായാൽ അത് യു.എ.ഇ യുടെ തന്ത്ര പ്രധാന മേഖലകളിലേക്കും ഒപ്പം, ആഫ്രിക്കൻ വിപണിയിലേക്കും ഇന്ത്യയ്ക്ക് എളുപ്പത്തിൽ പ്രവേശനം ലഭിച്ചേക്കും.

ACHARYA

# GS 3

## മുംബൈയിൽ വായുമലിനീകരണം രൂക്ഷമാകുന്നു.

മുംബൈയിൽ അന്തരീക്ഷ മലിനീകരണം രൂക്ഷമാകുന്നു. ഫെബ്രുവരി 6 മുതൽ മുംബൈയിലെ എയർ ക്വാളിറ്റി ഇൻഡക്സ് പതിവായി 300 ന് മുകളിൽ കടക്കുകയാണ്. എയർ ക്വാളിറ്റി ഇൻഡക്സ് 301 നും 400 നും ഇടയിൽ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ വായുനിലവാരം ഇൻഡക്സ് പ്രകാരം 'വെരി പുവർ' എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്താറ്. ഇന്ന് മാസഗോണിൽ രേഖപ്പെടുത്തിയ ഇൻഡക്സ് 495 ആണ്. ഇത് സിവിയർ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്.

## വായുമലിനീകരണം വർധിക്കാനുള്ള കാരണങ്ങൾ

രണ്ടാഴ്ച്ചയ്ക്കിടെ രണ്ടു തവണയായി ഉണ്ടായ പൊടിക്കാറ്റാണ് വായുമലിനീകരണം ഇപ്പോൾ രൂക്ഷമാകാനുണ്ടായ ഒരു പ്രധാനകാരണം. ഈ പൊടിക്കാറ്റിന് ഉത്ഭവം രാജസ്ഥാന്റെ അതിർത്തി പ്രദേശങ്ങളിലും, പാകിസ്ഥാനിലും അഫ്ഘാനിസ്ഥാനിലുമാണ്. പകല്സമയത്തെ കുറഞ്ഞ താപനില ,കാറ്റിന്റെ വേഗത കുറഞ്ഞത്, ഉയർന്ന റിലേറ്റീവ് ഹ്യൂമിഡിറ്റി എന്നിവയും മുംബയിലെ വായു മലിനീകരണം രൂക്ഷമാകാനുള്ള കാരണമായി കാണാം.

# കാർഷികമേഖലക്കായുള്ള സർക്കാരിന്റെ ചെലവിടൽ വർദ്ധിപ്പിക്കേണ്ടതുണ്ട്.

2022 -23 കേന്ദ്ര ബജറ്റിൽ കാർഷിക മേഖലയ്ക്കായുള്ള വകയിരുത്തൽ 4 .4 % വർദ്ധിച്ചെങ്കിലും അത് നിലവിലെ വിലക്കയറ്റ നിരക്കിനേക്കാൾ കുറവാണ്. ഫുഡ് ആൻഡ് അഗ്രിക്കള്ച്ചർ ഓർഗനൈസേഷന്റെ(FAO) 2001 മുതൽ 2019 കാലയളവിലെ റിപ്പോർട്ട് പ്രകാരം കാർഷിക മേഖലയ്ക്കായി ഏറ്റവും കൂടുതൽ തുക ചെലവിടുന്ന ആദ്യത്തെ പത്തു രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. സർക്കാരിന്റെ മൊത്തം ചെലവിന്റെ 7.3 % കാർഷിക മേഖലയ്ക്കായി ചെലവിടുന്നുണ്ട്. എങ്കിലും ഇത് മാലി ,ഭൂട്ടാൻ, നേപ്പാൾ തുടങ്ങിയ വരുമാനം കുറഞ്ഞ പല രാജ്യങ്ങളെക്കാളും കുറഞ്ഞ അളവിലുള്ള ചിലവിടലാണ്. മൊത്തം ചിലവിന്റെ 12.4 %മാലിയും,12 % ഭൂട്ടാനും,8 % നേപ്പാളും കാർഷിക മേഖലയ്ക്കായി ചെലവിടുന്നുണ്ട്.

അഗ്രിക്കൾച്ചർ ഓറിയന്റേഷൻ ഇൻഡക്സ് (AOI) പ്രകാരം നോക്കുമ്പോൾ വിഷയത്തിൽ ഇന്ത്യയുടെ അവസ്ഥ കൂടുതൽ പരിതാപകരമാണെന്നു കാണാം. ഒരു രാജ്യത്തിന്റെ ജിഡിപി'യിലേക്ക് കാർഷിക മേഖല സംഭാവന ചെയ്യുന്നതിന്റെ എത്രത്തോളം കാർഷിക മേഖലയ്ക്കായി സർക്കാർ ചെലവിടുന്നുണ്ട് എന്ന് കാണിക്കുന്ന ഇൻഡക്സ് ആണിത്. ഇൻഡക്സിൽ ഇന്ത്യയുടെ റാങ്ക് 38 ആണ്. ഇത് കാണിക്കുന്നത് രാജ്യത്തിന്റെ ഉയർന്ന ജിഡിപിയുമായി താരതമ്മ്യം ചെയ്യുമ്പോൾ അതനുസരിച്ചുള്ള ചെലവിടൽ കാർഷിക മേഖലയ്ക്കായി സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുന്നില്ല എന്നതാണ്.

## ഏഷ്യയുമായുള്ള താരതമ്യം .

രാജ്യത്തെ വലിയ ശതമാനം ആളുകളുടെയും ജീവിതോപാധി കൃഷിയായിരിക്കുമ്പോഴും ഇന്ഡക്സിൽ ഏഷ്യയിലെ താഴ്ന്ന റാങ്കിങ്ങുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. കിഴക്കൻ-ഏഷ്യൻ രാജ്യങ്ങൾ ഇന്ഡക്സിൽ വലിയ മുന്നേറ്റം നടത്തുന്നുണ്ട്. ചൈന അതിനുദാഹരണമാണ്. കിഴക്കൻ -ഏഷ്യൻ രാജ്യങ്ങൾ കാർഷിക മേഖലയ്ക്കായി ഉയർന്ന ചെലവിടൽ നടത്തുന്നതുകൊണ്ടുതന്നെ ഉയർന്ന ഉത്പാദനവും ലഭിക്കുന്നു. ഇന്ത്യയിൽ ഓരോ കർഷകന്റെയും കൈവശമുള്ള ശരാശരി കാർഷിക ഭൂമിയെക്കാൾ വളരെ കുറവാണ് ചൈനയിലെ ഓരോ വ്യക്തിയിലൂടെയും കൈവശമുള്ള ശരാശരി ഭൂമിയുടെ അളവ്. എങ്കിലും ഇന്ത്യയേക്കാൾ കൂടുതൽ കാർഷികോത്പാദനം നടത്തുന്ന രാജ്യമാണ് ചൈന.

കാർഷിക ഉത്പാദന വളർച്ചയ്ക്കും കർഷകന്റെ വരുമാനം വർദ്ധിക്കുന്നതിനും കാർഷിക മേഖലയ്ക്കായുള്ള സർക്കാരിന്റെ ചെലവിടൽ ഉയർത്തേണ്ടത് അത്യാവശ്യമാണ്. ജലസേചന സൗകര്യങ്ങൾ വർധിപ്പിക്കുക,പശ്ചാത്തല സൗകര്യ വികസനം,ദേശീയ പാതകളുടെ വികസനം,വിപണിയുടെ എണ്ണം കൂട്ടുക തുടങ്ങിയവയിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

## സ്വകാര്യവത്കരണത്തിലെ പ്രശ്നങ്ങൾ - 'ദി ഹിന്ദു' ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

സർക്കാരിന് വരുമാനമുണ്ടാക്കാൻ സ്വകാര്യവൽക്കരണം ഒരു ഒറ്റമൂലിയായാണ് പലപ്പോഴും കാണുന്നത്. അതിനായി നയരൂപീകൃതർ പലപ്പോഴും ചൂണ്ടിക്കാണിക്കുന്നത് വേഗത്തിൽ വളരാനുള്ള സ്വകാര്യ മേഖലയുടെ കഴിവാണ്. എന്നാൽ ഇത് എല്ലായ്പോഴും ശെരിയായ കാര്യമല്ല. ബ്രിട്ടീഷ് എയർ വെയ്സും ബ്രിട്ടീഷ് ഗ്യാസ്'ഉം ബ്രിട്ടീഷ് റെയിൽവെയും സ്വകാര്യവൽക്കരിച്ചതിന് ശേഷമുള്ള ചില പഠനങ്ങൾ പറയുന്നത് ഇവയുടെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല എന്നാണ്.

ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കണം എന്ന് നിർദ്ദേശിക്കാനായി1996 ൽ നമ്മൾ ഡിസൻവെസ്റ്റ്മെന്റ് കമ്മീഷൻ രൂപികരിച്ചു. 1999 ൽ ഈ കമ്മീഷൻ പിരിച്ചുവിട്ടു. പിന്നീട് ഇതിനായി ഒരു ഡിപ്പാർട്മെന്റ് തന്നെ ധനകാര്യ വകുപ്പിന് കീഴിൽ രൂപീകരിക്കുകയും പിന്നീട അതിനെ ഒരു മന്ത്രാലയമായിത്തന്നെ മാറ്റുകയും ചെയ്തിരുന്നു. 2004 ൽ വീണ്ടും അതിനെ ഡിപ്പാർട്മെന്റ് ആക്കി മാറ്റുകയും ചെയ്തു. ഇത്തരത്തിൽ സ്ഥാപിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു എന്നല്ലാതെ കാര്യമായ രീതിയിൽ പണം സ്വരൂപിക്കുന്നതിൽ സ്വകര്യവൽക്കരണം പരാജയപ്പെടുകയാണുണ്ടായത്. 2011 സാമ്പത്തിക വർഷത്തിൽ ഓഹരി വിറ്റഴിക്കലിലൂടെ 40000 കോടി സ്വരൂപിക്കാനായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ നേടാനായത് 22846 കോടി രൂപയാണ്. 2020 സാമ്പത്തിക വർഷത്തിൽ സർക്കാർ ലക്ഷ്യം വെച്ചത് ഒരു ലക്ഷം കോടി രൂപയായിരുന്നു. എന്നാൽ നേടാനായത് 50304 കോടി രൂപയാണ്.

വരുമാനം എന്നതിനപ്പുറത്ത് ചില സാമൂഹികപരമായ അനന്തരഫലങ്ങളും സ്വകാര്യവൽക്കരണത്തിൽ കാണാനാകും. കഴിഞ്ഞ പതിറ്റാണ്ടുകളായി വലിയ രീതിയിൽ തൊഴിൽ നൽകപ്പെടുന്ന സ്ഥാപനങ്ങളായിരുന്നു പൊതുമേഖലാ സ്ഥാപനങ്ങൾ. എന്നാൽ അവയുടെ സ്വകാര്യവത്കരണം വലിയതോതിൽ തൊഴിൽ നഷ്ടത്തിന് വഴിയൊരുക്കുന്നു.

പൊതുസ്വത്തുക്കൾ ഏതാനും ചില സ്വകാര്യ കമ്പനികളിൽ നിക്ഷിപ്തമാകുന്ന സാഹചര്യവും ഭാവിയിൽ അപകടകരമായേക്കും.

## കൂടുതൽ വിളകൾക്ക് 'കുറഞ്ഞ താങ്ങുവില' ലഭ്യമാക്കുക - 'ദി ഹിന്ദു' പത്രത്തിലെ ലേഖനത്തെ അടിസ്ഥാനമാക്കിയ നോട്ട്

തത്വത്തിൽ മൂന്ന് തരത്തിലാണ് 'കുറഞ്ഞ താങ്ങു വില' കർഷകരെയും സമ്പത്ത് വ്യവസ്ഥയെയും സഹായിക്കുന്നത്. അവ:

- ഭക്ഷ്യധാന്യങ്ങൾക്ക് വിപണിയിലെ വിലനിയന്ത്രണം
- കർഷകർക്ക് നിശ്ചിത വരുമാനം
- കടക്കെണിയിൽ നിന്നുള്ള ആശ്വാസം

ഭക്ഷ്യധാന്യങ്ങളുടെ വിലനിയന്ത്രണവുമായി ബന്ധപ്പെട്ട നയപരിപാടികൾ ഇന്ത്യ വർഷങ്ങള്ക്കു മുന്നേതന്നെ ആരംഭിച്ചതാണ്. അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കാനായി 1955'ൽ പാസാക്കിയ ആവശ്യവസ്തു നിയമവും, 1960ൽ കൊണ്ടുവന്ന 'കുറഞ്ഞ താങ്ങുവില' എന്ന സംവിധാനവും ഇതിന് ഉദാഹരണങ്ങളാണ്. കുറഞ്ഞ താങ്ങുവിലയുടെ കൂടെ 'ഹരിതവിപ്ലവം' കൂടെ ആരംഭിച്ചതോടെ കർഷകർ കൂടുതൽ വരുമാനം കിട്ടുന്ന അരി, ഗോതമ്പ് എന്നീ വിളകളിലേക്കു ശ്രദ്ധ കേന്ദ്രീകരിച്ചു തുടങ്ങി. രാജ്യത്തെ ഭക്ഷ്യ സുരക്ഷയിലേക്കു നയിക്കുന്നതിൽ ഇത് വലിയ പങ്കു വഹിക്കുകയും ചെയ്തു.

കുറഞ്ഞ താങ്ങുവിലക്ക് സർക്കാർ അരിയും ഗോതമ്പും കർഷകരിൽ നിന്നും സംഭരിക്കാൻ തുടങ്ങിയതോടെ ഈ വിളകളുടെ കൃഷി ലാഭകരമായി മാറിത്തുടങ്ങി. ഈ സാഹചര്യത്തിലും ഏതാണ്ട് ഇരുപതോളം വിളകൾ കുറഞ്ഞ താങ്ങുവില എന്ന സംവിധാനത്തിൽ നിന്നും പുറത്തായിരുന്നു. ഇതിന്റെ അനന്തര ഫലമായി രാജ്യത്തിന്റെ കാർഷിക ഘടനയിൽത്തന്നെ മാറ്റം വന്നു തുടങ്ങി. വിള വൈവിധ്യം കുറഞ്ഞു വന്നു. രാജ്യത്തെ വലിയ ശതമാനം ആളുകളുടെ മുഖ്യാഹാരമായ പല ധാന്യങ്ങളും റേഷൻകടയിൽ ലഭ്യമല്ലാതായി. കൂടുതൽ വിളകൾക്ക് 'കുറഞ്ഞ താങ്ങുവില' ലഭ്യമാക്കിയാൽ ഇതിന് പരിഹാരമാകും.

കൂടുതൽ വിളകൾക്ക് 'കുറഞ്ഞ താങ്ങുവില' ലഭ്യമാക്കുന്നതിലൂടെ രാജ്യത്തെ കർഷകരുടെ വരുമാനം ഉയരുകയും അത് രാജ്യത്തെ ആവശ്യകതയിൽ

വർധനവുണ്ടാക്കുകയും ചെയ്യും. കാർഷികേതരമേഖലയുടെ വളർച്ചക്ക് അത് സഹായകരമാകുകയും അത് സമ്പത്ത് വ്യവസ്ഥയുടെ ഉണർവിന് കാരണമാകുകയും ചെയ്യും.

## വിളവൈവിധ്യവൽക്കരണം ആവശ്യമാണ്.

രാജ്യത്ത് എത്രയും വേഗത്തിൽ വിളവൈവിധ്യം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സാമ്പത്തിക സർവ്വേ പറയുന്നു. ശുദ്ധജല ദൗർലഭ്യം വർദ്ധിക്കുന്നതും എണ്ണക്കുരു ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി കുറക്കേണ്ടതുമാണ് ഇതിന് കാരണമായി സാമ്പത്തിക സർവ്വേ ചൂണ്ടിക്കാണിക്കുന്നത്.

### എന്താണ് വിളവൈവിധ്യവൽക്കരണം ?

ഒരു കൃഷിഭൂമിയിൽ നിലവിൽ കൃഷി ചെയ്യുന്ന പ്രധാന വിളകൾ കൂടാതെ മറ്റു വിളകൾകൂടി കൃഷി ചെയ്യുന്നതിനെ വിളവൈവിധ്യവൽക്കരണം എന്ന് വിളിക്കാം. വരുമാനസ്രോതസ്സ് വർദ്ധിപ്പിക്കുക എന്നത് ഇവിടെ പ്രധാന ലക്ഷ്യമാണ്.

ACHARYA
An influential mentor

### ഗുണങ്ങൾ

നിലവിൽ രാജ്യത്തെ 70 മുതൽ 80 ശതമാനം വരെ കർഷകർക്കും 2 ഹെക്ടറിൽ താഴെ മാത്രമാണ് കൃഷിഭൂമി ഉള്ളത്. ഈ സാഹചര്യത്തിൽ ഉയർന്ന വിലയുള്ള ഒന്നിലധികം വിളകൾ കൃഷി ചെയ്യുമ്പോഴേ കൃഷി ലാഭകരമാകുന്ന സാഹചര്യമുണ്ടാകു.

ഒരു വിളയുടെ വിലയിടിയുന്ന സാഹചര്യത്തിൽ മറ്റു വിളകളിൽ നിന്നുള്ള വരുമാനം കർഷകർക്ക് സഹായകരമായി മാറും.

രാജ്യത്തെ വലിയ വിഭാഗം കുട്ടികൾ പോഷകക്കുറവ് നേരിടുന്നവർ ആണ്. പോഷകസമൃദ്ധമായ വിവിധ വിളകളുടെ ആവശ്യത്തിനുള്ള ഉല്പാദനം പോഷകാഹാരക്കുറവ് പരിഹരിക്കാൻ സഹായകരമാകും.

അരി,ഗോതമ്പ് പോലുള്ള കൂടുതൽ ജലം ആവശ്യമുള്ള വിളകളിൽ നിന്നും കർഷകർ കൂടുതൽ ജലം ആവശ്യമില്ലാത്ത വിളകളിലേക്ക് മാറുന്നത് രാജ്യത്തെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് സഹായകരമാകും.

### വെല്ലുവിളികൾ

- രാജ്യത്തെ ഭൂരിഭാഗം കൃഷി ഭൂമിയിലും ജലത്തിനായി മഴ മാത്രം ആശ്രയമുള്ള സാഹചര്യമാണ്.
- ആവശ്യത്തിന് നിലവാരമുള്ള വിത്തുകളും മറ്റും ലഭ്യമാകാത്തത്.
- വൈദ്യുതി, ഗതാഗതം, ജലം തുടങ്ങിയ അടിസ്ഥാസൗകര്യങ്ങളുടെ അഭാവം.
- കാർഷികാനുബന്ധ വ്യവസായങ്ങളുടെ കുറവ്.

## വിലക്കയറ്റം ആർബിഐ 'യുടെ ഇൻഫ്ളേഷൻ ടാർജെറ്റ് മറികടന്നു.

ചില്ലറ വില്പന മേഖലയിലെ വിലക്കയറ്റം 6 .01 % എത്തി. ആർബിഐ'യുടെ ഇൻഫ്ളേഷൻ ടാർജെറ്റ് മറികടന്ന സാഹചര്യമാണിത്.

വിലക്കയറ്റം ഏറ്റവും കൂടുതൽ ബാധിച്ചത് ഗ്രാമീണ മേഖലയെ ആണ്. ജനുവരിയിൽ 6 .12 % ആണ് ഗ്രാമീണ മേഖലയിലെ വിലക്കയറ്റം

ആഗോളവിപണയിൽ എണ്ണവില വർദ്ധിക്കുന്നത് വിലക്കയറ്റ ഭീഷണി ഉയർത്തുന്നു.

ACHARYA

## രാജ്യത്തെ കാർഷിക നയങ്ങളിൽ പുനർവിചിന്തനം ആവശ്യമാണ്.

ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളൽ കുറക്കേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് രാജ്യത്തിൻറെ വള സബ്‌സിഡി, കുറഞ്ഞ താങ്ങുവില പോലുള്ള നയങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

### <u>വായുമലിനീകരണവും കാർഷിക മേഖലയും</u>

രാജ്യത്തെ കാർഷികമേഖല വായുമലിനീകരണത്തിന് വലിയ പങ്കുവഹിക്കുന്നുണ്ട്. യുറിയക്കും വളത്തിനും നൽകുന്ന സബ്‌സിഡി, കനാൽ വഴിയുള്ള ജലസേചനം, പ്രധാനമായും നെൽകൃഷിയിലും ഗോതമ്പുകൃഷിയിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള കുറഞ്ഞ താങ്ങുവില സംവിധാനം എന്നിവ കാർഷികമേഖലയിൽ നിന്നുള്ള വായുമലിനീകരണം വർദ്ധിക്കുന്നതിന് കാരണമായി മാറിയിട്ടുണ്ട്.

രാജ്യത്തെ മൊത്തം മീഥേൻ പുറംതള്ളലിന്റെ 73 ശതമാനവും സംഭാവന ചെയ്യുന്നത് കാർഷിക മേഖലയാണ്.

2022 ജനുവരി 1 വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്തെ ഗോതമ്പിന്റെയും അരിയുടെയും കരുതൽ ശേഖരം ആവശ്യമുള്ളതിൻറെ നാലിരട്ടിയാണ്. അരിയുടെ കരുതൽ ശേഖരം ആവശ്യമുളത്തിന്റെ ഏഴ് ഇരട്ടിയാണ്. ഇത്രയും അധികം വരുന്ന ധാന്യ ശേഖരം വലിയ അളവിൽ ഹരിതഗൃഹവാതകങ്ങൾ പുറംതള്ളുന്നു. നാഷണൽ ഗ്രീൻഹൌസ് ഗ്യാസ് ഇൻവെന്ററിയുടെ വിവരങ്ങൾ പ്രകാരം കാർഷിക മേഖലയിൽ നിന്നുള്ള ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളലിൽ മൂന്നാം സ്ഥാനം നെൽക്കൃഷിക്കാണ്.

## അമിത ജലചൂഷണം

2021 -2022 സാമ്പത്തിക സർവ്വേ പ്രകാരം രാജ്യത്ത്, പ്രത്യേകിച്ചു വടക്കു കിഴക്കൻ മേഖലയിൽ അമിത തോതിൽ ഭൂഗർഭ ജല ചൂഷണം നടക്കുന്നുണ്ട്. 44 മില്യൺ ഹെക്ടറോളം സ്ഥലത്തു വരുന്ന ഗോതമ്പു കൃഷിയാണ് ഇതിനു പ്രധാന കാരണം. രാജ്യത്തെ ഭക്ഷ്യസുരക്ഷയ്ക്ക് ഇത് വലിയ പങ്കു വഹിക്കുന്നുണ്ടെങ്കിലും ഭൂഗർഭ ജല സ്രോതസ്സിനെയും പരിസ്ഥിതിയെയും ഇത് ദോഷകരമായി ബാധിക്കുകയാണ്. കുറഞ്ഞ താങ്ങുവിലയുടെ ആനുകൂല്യം വലിയതോതിൽ ലഭ്യമാകുന്നത് അരിക്കും ഗോതമ്പിനും ആണെന്നുള്ളത് ഇവിടെ പ്രശ്നമാകുന്നു.

2070 ആകുമ്പോഴേക്കും കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുമെന്ന ഇന്ത്യയുടെ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ കാർഷിക മേഖലയിൽ നിന്നുള്ള വായുമലിനീകരണം കുറയ്ക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.

ACHARYA
An influential mentor

## കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സമൂഹത്തിൽ നിലനിൽക്കുന്ന കാഴ്ചപ്പാടിൽ മാറ്റം വരേണ്ടതുണ്ട്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കാലാവസ്ഥ വ്യതിയാനത്തിന്റെ തോത് എന്നത് കാലാവസ്ഥാ വ്യതിയാനത്തോടുള്ള പൊതു സമൂഹത്തിന്റെ കാഴ്ചപ്പാട്, ഇത് തടയാനാവശ്യമായ സാങ്കേതികവിദ്യയുടെ ചെലവും അതിന്റെ കാര്യക്ഷമതയും കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട വിഷയങ്ങളോട് രാജ്യങ്ങളിലെ രാഷ്ട്രീയ വ്യവസ്ഥിതിയുടെ പ്രതികരണം എന്നിവയെ ആശ്രയിച്ചിരിക്കുമെന്നു പഠനങ്ങൾ പറയുന്നു.

ആഗോളതാപനം തടയുന്നതുമായി ബന്ധപ്പെട്ടു ഇന്ന് നിലനിൽക്കുന്ന പ്രധാന ലക്ഷ്യം എന്നത് 2015 ലെ പാരീസ് കരാർ പ്രകാരം ഉള്ളതാണ്. 195 രാജ്യങ്ങളാണ് ഈ കരാറിൽ ഒപ്പുവെച്ചിട്ടുള്ളത്.

കാലാവസ്ഥാവ്യതിയാനം തടയാനാവശ്യമായ പ്രവർത്തനം ആഗോള തലത്തിൽ പര്യാപ്തമാണോ?

നിലവിൽ വ്യാവസായിക-വിപ്ലവ കാലഘട്ടത്തിന് മുന്പുണ്ടായിരുന്നതിനേക്കാൾ 1 ശതമാനം വരെ ആഗോള താപനം ഉയരാൻ മനുഷ്യന്റെ പ്രവൃത്തികൾ കാരണമായിട്ടുണ്ട്. പാരീസ് കരാർ പ്രകാരമുള്ള ലക്ഷ്യം എന്നത് 2100 ആകുമ്പോഴേക്കും ആഗോള താപനം എന്നത് പ്രീ-ഇൻഡസ്ട്രിയൽ കാലഘട്ടത്തേക്കാൾ 1.5 ഡിഗ്രി സെൽഷ്യസിൽ കൂടാതെ നോക്കുക എന്നതാണ്. എന്നാൽ ഓരോ രാജ്യങ്ങളും മുൻപോട്ടു വെച്ചിട്ടുള്ള കർമ്മപദ്ധതികൾ ലക്ഷ്യപൂർത്തീകരണത്തിനു പര്യാപ്തമായേക്കില്ലെന്നു പല പഠനങ്ങളും പറയുന്നു.

2021 ൽ പുറത്തു വന്ന മറ്റൊരു പഠനം പ്രകാരം പാരീസ് കരാർ പ്രകാരമുള്ള ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ ഓരോ വർഷവും ആഗോളതലത്തിൽ എണ്ണയുടെയും പ്രകൃതി വാതകത്തിന്റെയും ഉത്പാദനം 3 % വെച്ച് കുറയ്ക്കേണ്ടതുണ്ട്.

അതുകൊണ്ടുതന്നെ കാലാവസ്ഥ വ്യതിയാനം എന്ന വലിയ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് കാലാവസ്ഥ വ്യതിയാനത്തോടുള്ള പൊതുസമൂഹത്തിന്റെ കാഴ്ചപാടിനും അതിനോടുള്ള രാഷ്ട്രീയ വ്യവസ്ഥിതിയുടെ പ്രതികരണത്തിനു വലിയ പങ്കു വഹിക്കാനുണ്ട്.

ACHARYA
An influential mentor